**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1131 30.10.2019-ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ സ്ഥാനക്കയറ്റം**

| ചോദ്യം<br>ശ്രീ.അനിൽ അക്കര | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പമന്ത്രി |
|---|---|
| (എ) എക്സൈസ് വകുപ്പിൽ, സ്ഥാനക്കയറ്റത്തിന് സ്പെഷ്യൽ റൂളിലെ നിബന്ധനയാണോ, കെ.എസ് ആന്റ് എസ്. എസ്.ആർ.-ലെ വ്യവസ്ഥയാണോ ബാധകമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) എക്സൈസ് വകുപ്പിൽ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമാണ് സ്ഥാനക്കയറ്റം നൽകുന്നത്. എന്നാൽ 50 വയസ്സ് പൂർത്തിയായവർക്ക് കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 13 (ബി) യുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും ഇളവ് നൽകി സ്ഥാനക്കയറ്റം നൽകി വരുന്നു. |
| (ബി) പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുവാൻ അതിനായി നിശ്ചയിച്ചിട്ടുള്ള പരീക്ഷകൾ ജീവനക്കാർ പാസ്സാകേണ്ടതുണ്ടോയെന്ന് അറിയിക്കാമോ; | (ബി) വകുപ്പുതല പരീക്ഷകൾ പാസ്സായിരിക്കണം. |
| (സി) പ്രസ്തുത പരീക്ഷ പാസ്സായില്ലെങ്കിലും 50 വയസ്സ് പൂർത്തിയാകുന്നവർക്ക് പ്രമോഷൻ നൽകുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ ; | (സി) കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 13(ബി) പ്രകാരം 50 വയസ്സ് പൂർത്തിയാകുന്നവർക്ക് സ്പെഷ്യൽ റൂളിൽ പറഞ്ഞിട്ടുള്ള നിശ്ചിത യോഗ്യതയുള്ള പക്ഷം നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ ഇളവ് നൽകി സ്ഥാനക്കയറ്റം നൽകി വരുന്നു. |

| | | |
|---|---|---|
| (ഡി) | ഇപ്രകാരം പ്രമോഷൻ നൽകുന്നത് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോയെന്ന് വ്യക്തമാക്കാമോ; | (ഡി) കെ.എസ് & എസ്.എസ്.ആർ പാർട്ട് II റൂൾ 13(ബി)-യിൽ സർക്കാർ സർവ്വീസിലുള്ള 50 വയസ്സ് പൂർത്തിയായ ഉദ്യോഗസ്ഥർക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിശ്ചിതയോഗ്യത ഉള്ള പക്ഷം നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കി സ്ഥാനക്കയറ്റം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരമാണ് 50 വയസ്സ് പൂർത്തിയായവർക്ക് സ്ഥാനക്കയറ്റം നൽകി വരുന്നത്. ഈ നടപടി നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. |
| (ഇ) | എങ്കിൽ അടുത്തിടെ നൽകിയ പ്രമോഷനുകൾ പുനഃപരിശോധിക്കുമോയെന്ന് വെളിപ്പെടുത്താമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ